# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3080 — 18.10.2016-ൽ മറുപടിയ്ക്ക്

## വ്യവസായ സോണുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | 2016-2017-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾക്ക് നടപ്പ് സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | 2016-2017 ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് ബൃഹത് വിവിധോദ്ദേശ സോണുകൾക്ക് നടപ്പ് സാമ്പത്തിക വർഷം 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത വ്യവസായ സോണുകൾക്കായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നും ആരുടെ മേൽനോട്ടത്തിലാണ് ലാൻഡ് അക്വസിഷൻ നടപ്പാക്കുകയെന്നും വ്യക്തമാക്കുമോ; | ബി) & സി) | കണ്ണൂർ ജില്ലയിലെ പനയത്താമ്പറമ്പിൽ 500 ഏക്കർ ഭൂമി, തൊട്ടുപുഴയിൽ 900 ഏക്കർ ഭൂമി, മങ്കടയിൽ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട തുടർനടപടികൾ കിൻഫ്രയും അതാത് ജില്ലാ ഭരണകൂടവും സ്വീകരിച്ചു വരുന്നു. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും, വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും കിൻഫ്ര നടപടി സ്വീകരിച്ചു വരുന്നു. |
| സി) | നടപ്പുസാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുമോയെന്നും ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ